

സിംഗൂരിൽ ടാറ്റയ്ക്ക് കൈമാറിയ കൃഷിഭൂമി - ഫോട്ടോ : ഗിരീഷ്

## കൊൽക്കത്തയിൽ നിന്നുള്ള കത്തുകൾ

മധുശ്രീ മുഖർജി

സമ്പാദനവും മൊഴിമാറ്റവും : അനിവർ അരവിന്ദ്

വ്യവസായവൽക്കരണത്തിനുവേണ്ടി ബംഗാളിൽ ചെയ്തുകൊണ്ടിരിക്കുന്നത് ക്രൂരമായ അധിനിവേശമാണെന്ന് ഈ കത്തുകളിൽനിന്ന് വായിക്കാം. ഗ്രാമീണ കർഷകരെയും തൊഴിലാളികളെയും കുടിയിറക്കി ടാറ്റയ്ക്കും സലീം ഗ്രൂപ്പിനും മറ്റും വൻവികസനം ഉണ്ടാക്കുന്ന ബംഗാൾ ദുരന്തം ഇപ്പോൾ കേരളത്തിന് ബാധകമായിക്കൊണ്ടിരിക്കുകയാണ്. 'ഇന്ന് ഞാൻ നാളെ നീ' എന്നതിന്റെ മുതലാളിത്ത പാതമൂലം നമുക്ക് സംഭവിക്കുന്ന പുതിയ 'വികസനം' അതിക്രമമായി കേരളത്തിലും അതിവേഗത്തിൽ വന്നുകൊണ്ടിരിക്കുമ്പോൾ ഏറെ പഠിക്കാനുണ്ട്. - *പത്രാധിപർ*

# ബംഗാളിൽ സംഭവിക്കുന്നത് - 2

**സിംഗൂരിലെ ഗ്രാമീണ ജനതയുടെ ചെറുത്തുനിൽപ്പുകൾ അവസാനിച്ചുതുടങ്ങിയിരിക്കുന്നു. പോലീസിന്റേയും സി.പി.ഐ.(എം) പ്രവർത്തകരുടേയും നിരന്തരമായ അതിക്രമങ്ങളും ബംഗാളിന്റെ മറ്റു ഭാഗങ്ങളിലെ ഏറ്റെടുക്കൽ നടപടികളും കൊലപാതകങ്ങളും അവരുടെ പ്രതീക്ഷ നശിപ്പിച്ചു തുടങ്ങിയിരിക്കണം. ഇത്തവണ ഹരിപ്പൂരിൽ ആണവനിലയം സ്ഥാപിക്കാനുള്ള ബംഗാൾ ഗവൺമെന്റിന്റെ ശ്രമങ്ങളെക്കുറിച്ചും (പെരിങ്ങോമിലെ സമരം ഓർമ്മയിലുണ്ടാവുമല്ലോ) അതിനെതിരെയുള്ള മത്സ്യത്തൊഴിലാളികളും കർഷകരുമായ ഗ്രാമീണരുടെ ചെറുത്തുനിൽപ്പിനെക്കുറിച്ചും എഴുതണമെന്നു കരുതിയതാണ്. പക്ഷേ, അതിനിടയിലാണ് നന്ദിഗ്രാം. ഇക്കഴിഞ്ഞ ജനുവരി 7 ന് ഇന്തോനേഷ്യയിലെ സലിം ഗ്രൂപ്പിന്റെ കെമിക്കൽ പ്ലാന്റിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിനിടയിൽ കൊല്ലപ്പെട്ടത് 11 ഗ്രാമീണരാണ്.**

**"ബുദ്ധ എന്നത് സിദ്ധാർത്ഥയുടെ മറ്റൊരു പേരാണെന്ന്" കൊൽക്കൊത്തയിൽനിന്നുള്ള ഒരു എസ്.എം.എസ്. പറയുന്നു. സിദ്ധാർത്ഥശങ്കർ ബസുവിന്റെ കോൺഗ്രസ് ഭരണകാലത്തെ ക്രൂരതകളും അദ്ദേഹത്തിന്റെ ഗുണ്ടാപ്പടയുടെ വിളയാട്ടവും ബംഗാളികൾ മറന്നു തുടങ്ങിയിട്ടില്ല. ബുദ്ധദേവ് ഇന്ന് സിദ്ധാർത്ഥശങ്കർ ബസുവിനെ ഓർമ്മിപ്പിക്കുന്നു. ബംഗാളിലെ പാർട്ടി ഗുണ്ടാസംഘങ്ങളായിമാറുന്നുവെന്ന് കൊൽക്കത്തക്കാർ പലരും ആശങ്കപ്പെടുന്നു.**

**ബംഗാളിയും 'ദി ലാന്റ് ഓഫ് നേക്കഡ് പീപ്പിൾ' എന്നു സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ രചയിതാവുമായ മധുശ്രീ മുഖർജി ജനുവരി 1 നും 9 നും ഇടയിൽ കൊൽക്കത്തയിൽ നിന്ന് തന്റെ സുഹൃത്തുക്കൾക്കയച്ച 6 ഇ-മെയിൽ സന്ദേശങ്ങളാണിവ.** - ***പരിഭാഷകൻ***

**ഒന്നാമത്തെ കത്ത്**

**ജനുവരി 1, 2007**

ഞാനിത്തവണ കൊൽക്കത്തയിൽ വന്നിട്ട് വെറും രണ്ടാഴ്ചയേ ആയുള്ളൂ. പക്ഷേ വല്ലാത്ത വിങ്ങൽ മനസ്സിനുണ്ടാക്കുന്ന കാഴ്ചകളാണ് ചുറ്റും. ദൃശ്യമായ അതിക്രമങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിലേക്കുള്ള പൊട്ടിത്തെറിയുടെ വക്കിലാണ് പശ്ചിമബംഗാൾ എന്നെനിക്കു തോന്നുന്നു.

ഭൂമി ഏറ്റെടുക്കലിന്റെ ഞെട്ടിപ്പിക്കുന്ന വേഗതയും തോതും ലക്ഷ്യവുമാണ് ഇതിനുകാരണം. നിങ്ങൾ സിംഗൂരിനെക്കുറിച്ച് കേട്ടുകാണും. പക്ഷേ അത് ഏകദേശം 1000 ഏക്കർ മാത്രമാണ്. രേഖകളെ വിശ്വസിക്കാമെങ്കിൽ സംസ്ഥാന ഗവൺമെന്റ് വ്യവസായത്തിനും വികസനത്തിനും വേണ്ടിമാത്രം ഏറ്റെടുക്കാൻ പോകുന്നത് 125,000 ഏക്കറാണ്. (സിംഗുരിനെക്കുറിച്ചുള്ള വിവരാവകാശ അന്വേഷണങ്ങൾക്ക് ഒരു മറുപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ടാറ്റക്ക് 99 കൊല്ലത്തെ പാട്ടത്തിനുള്ള ഭൂമി കൈമാറ്റത്തിന്റെ വ്യവസ്ഥകളെക്കുറിച്ചോ പ്ലാന്റിന്റെ വിവരങ്ങളെക്കുറിച്ചോ ആർക്കും യാതൊരു ധാരണയുമില്ല). നിയമപ

രമായ ചോദ്യം ചെയ്യൽ അനുവദിക്കാത്ത കൊളോണിയൽ കാലഘട്ടത്തിലെ ഒരു നിയമമാണിവിടെ ഭൂമി ഏറ്റെടുക്കലിന് ഉപയോഗിക്കുന്നത്. ഏറ്റെടുത്ത ഭൂമിയിൽ 5 പേരിൽ കൂടുതൽ ഒന്നിച്ചു കൂടാതിരിക്കാൻ 144-ാം വകുപ്പും ഇതിനോടൊപ്പം ഉപയോഗിക്കുന്നുണ്ട്. എത്ര പേർ കുടിയൊഴിക്കപ്പെട്ടുവെന്നു എനിക്കറിയില്ല.

പ്രധാനപ്പെട്ട ഒരു വസ്തുത രാഷ്ട്രീയ എതിർപ്പ് നിർജ്ജീവമായിരുന്നുവെന്നതാണ്. സംഘടിതമായ ഒരു സമരരൂപത്തെക്കുറിച്ച് അവർക്ക് ഒരു ധാരണയും ഉണ്ടായിരുന്നില്ല. ജനാധിപത്യക്രമം തകർന്നിരുന്നു. ഇംഗ്ലീഷ് പത്രങ്ങൾ ഗവൺമെന്റിന്റെ വികസനപക്ഷത്തായിരുന്നു. ബംഗാളി പത്രങ്ങൾ ഭൂമി ഏറ്റെടുക്കലിനെതിരെ കർഷകപക്ഷത്തും. ജനങ്ങളുടേയും മാധ്യമങ്ങളുടേയും അഭിപ്രായങ്ങൾ ഇത്രമാത്രം വിഘടിക്കപ്പെട്ട് കാണുന്നത് ഇതാദ്യമായാണ്. പശ്ചിമബംഗാൾ ജനതയുടെ ഒരു വലിയ ഭാഗം കർഷകർക്കനുകൂലവും പണത്തിന്റേയും അതിന്റെ സംസ്കാരത്തിന്റെയും സ്വാധീനത്തിലുള്ള കുടിയറക്കുകൾക്ക് എതിരുമാണെന്നതാണ് എനിക്ക് ആശ്ചര്യജനകമായത്.

ഈ 80-ാം വയസ്സിലും മഹാശ്വേതാദേവി പേന കൊണ്ട് ഒറ്റക്ക് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന ദൈനിക് സ്റ്റേറ്റ്മാൻ പത്രത്തിന് അതുകൊണ്ടുതന്നെ യാതൊരു സർക്കാർ പരസ്യവും ലഭിക്കുന്നുമില്ല.

ഈ രാഷ്ട്രീയ പ്രക്രിയയുടെ പതനം ജനങ്ങൾ നിയമം കയ്യിലെടുക്കുന്ന അവസ്ഥയുണ്ടാക്കുകയാണ്. സിംഗൂരിലിപ്പോൾ നക്സലുകൾ നുഴഞ്ഞുകയറുകയാണ്. ഗവൺമെന്റിനു ഭൂമി വിറ്റ ചിലരുടെ കൊലപാതകത്തിനു പിന്നിൽ അവരായിരിക്കാമെന്നു തോന്നുന്നു. (കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഭൂമി വിൽപ്പനക്കെതിരെ പ്രതിഷേധിച്ച ഒരു യുവതി ക്രൂരമായ ബലാത്സംഗത്തിനിരയായി കൊല്ലപ്പെടുകയുണ്ടായി. സിംഗൂരിലെ സർക്കാർ ഏറ്റെടുത്ത് കമ്പി വേലികെട്ടിയ ഭൂമിക്കു കാവൽ നിൽക്കുന്ന സായുധ പോലീസോ (പകൽ) കമ്യൂണിസ്റ്റ് പാർട്ടി കേഡറോ (രാത്രി കാവൽ) ആയിരിക്കാം ഇതു ചെയ്തതെന്ന് കരുതുന്നു.

ആണവ നിലയത്തിനായി സ്ഥലമേറ്റെടുക്കുന്ന കൊണ്ടെയിൽ ഗ്രാമീണ സ്ത്രീകൾ കട്ടിയുള്ള ഒരു മുള്ളുവേലികെട്ടി പുറമേ നിന്നുള്ളവരുടെ പ്രവേശത്തെ തടയുന്നു. ഏതുനിമിഷവും എത്തിയേക്കാവുന്ന പോലീസിനെ അഭിമുഖീകരിക്കാൻ അവർ തയ്യാറായിരിക്കുകയാണ്. ക്വിറ്റ്ഇന്ത്യാ സമര കാലഘട്ടത്തിലേതുപോലെ ഭക്ഷണം കരുതിവെച്ച് പെട്ടെന്നുള്ള എതിർപ്പുകളെ ജോലി ഉപേക്ഷിച്ചുനേരിടാൻ ഇവർ തയ്യാറായിരിക്കുന്നു. എവിടെയും പെട്ടെന്നുള്ള പ്രതിരോധമോ സമരങ്ങളോ കാണാനില്ല. എങ്കിലും ഇതെനിക്കൊരു പുതിയ സ്വാതന്ത്ര്യ സമരത്തിന്റെ തുടക്കമായി തോന്നുന്നില്ല.

ചില അർത്ഥത്തിൽ ഇത് പഴയതിനെ അനുസ്മരിപ്പിക്കുന്ന ഒരു സ്വാതന്ത്ര്യ സമരമാണ്. ഭൂമിയും പ്രകൃതി വിഭവങ്ങളും ബലം പ്രയോഗിച്ച് കയ്യടക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന കൊളോണിയൽ സ്വഭാവമുള്ള ഗവൺമെന്റിനെതിരെയുള്ള സമരം. ഇലക്ഷൻ വിജയത്തിനായി ഇടതുപക്ഷം സൃഷ്ടിക്കുന്ന അതിക്രമങ്ങളെക്കുറിച്ച് ബംഗാളിനു പുറത്തുള്ളവർക്ക് വലിയ ധാരണണയൊന്നുമില്ല. ഗ്രാമങ്ങളിൽ ജനങ്ങളെ വോട്ടെടുപ്പിൽ നിന്നുമാറ്റി നിർത്താനായുള്ള അതിക്രമങ്ങൾ പതിവാണ്. ആയിരക്കണക്കിന് പാർട്ടി പ്രവർത്തകരെ ഇടതുപക്ഷ ഗവൺമെന്റ് സർക്കാർ മാസപ്പടിയിൽ നിലനിർത്തുന്നുണ്ട്. വ്യവസായ ഭീമന്മാരുമായുള്ള ഈ പുതിയ ചങ്ങാത്തത്തിന്റെ യഥാർത്ഥ കാരണം ഇതാണെന്നാണ് നിരവധി കൊൽക്കത്തക്കാർ കരുതുന്നത്. ഗ്രാമീണരാകട്ടെ സംസ്ഥാനം അവരെ പരിപാലിക്കുമെന്ന എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട നിലയിലാണ്.

എവിടെയാണിത് അവസാനിക്കുക....? ഇതൊരു തുടക്കം മാത്രമാണെന്നെനിക്കു തോന്നുന്നു....

*മധുശ്രീ*

**രണ്ടാമത്തെ കത്ത്**
**ജനുവരി 5, 2007**

എന്തുകൊണ്ടോ ഇന്നത്തെ പത്രത്തിലെ എല്ലാ സംഭവങ്ങളും എന്റെ തലക്കു ചുറ്റും കറങ്ങിക്കറങ്ങി ഒരു ശ്രേണി രൂപത്തിലാവുന്നപോലെ. നോയ്ഡയിലെ കുട്ടികളുടെ കൊലപാതകങ്ങൾ, ഐ.ഐ.ടി. ബിരുദധാരികളുടെ ഇന്ത്യയിലേക്കുള്ള തിരിച്ചുവരവ്, പ്രത്യേക സാമ്പത്തികമേഖലകൾക്കായുള്ള ഭൂമി ഏറ്റെടുക്കലിനെതിരെ മിഡ്നാപ്പൂരിലെ ജനങ്ങളുടെ പോലീസുമായുള്ള ഏറ്റുമുട്ടലുകൾ, വിദ്യാഭ്യാസത്തിൽ പശ്ചിമബംഗാളിനു കിട്ടിയ കുറഞ്ഞ റാങ്കിങ്ങ് (35 പേരിൽ 32-ാമത്)..... ഇവയെല്ലാം ഏതോ തരത്തിൽ ചുറ്റിപ്പിണഞ്ഞിരിക്കുന്നതായി എനിക്കു തോന്നുന്നു.

പശ്ചിമബംഗാളിലെ ഗ്രാമീണ ജനതയുടെ പരിതാപകരമായ വിദ്യാഭ്യാസ നിലവാരത്തിൽ നിന്നു നമുക്കു തുടങ്ങാം. ഇന്നത്തെ സാഹചര്യത്തിൽ എന്താണ് അത് അർത്ഥമാകുന്നത്? വമ്പൻ വ്യവസായങ്ങൾ സംസ്ഥാനത്തു വരുമ്പോൾ അടിച്ചുതളിയും, നിർമ്മാണത്തൊഴിലാളികളുടെ ജോലിയും മാത്രമേ തദ്ദേശീയർക്കു ലഭിക്കൂ എന്നല്ലേ.... നിർമ്മാണ പ്രവർത്തനങ്ങൾ കഴിയുന്നതോടെ ഭൂമിയുടെ യഥാർത്ഥ ഉടമകൾ തൊഴിലന്വേഷിച്ച് പലായനം ചെയ്യേണ്ടിവരും. എല്ലാ ഉയർന്ന ജോലികളും കൂടുതൽ വിദ്യാഭ്യാസമുള്ള, കണ്ണുകളിൽ സ്വിമ്മിങ്ങ് പൂളുകളുടെ നീലനിറം തിളങ്ങുന്ന ഐ.ഐ.ടി. ബിരുദധാരികൾക്കോ വിദ്യാഭ്യാസമുള്ള മിഡിൽക്ലാസുകാർക്കോ ആയിരിക്കും.

ഭൂമി ഉപേക്ഷിക്കേണ്ടിവന്നവർക്ക് തിളങ്ങുന്ന പുതിയ നഗരങ്ങളുടെ കാണപ്പെടാത്ത അഴുക്കുകൂനകളിൽ അടിയും വരെ അവയെ തുടച്ചുമിനുക്കിക്കൊണ്ടിരിക്കാം.

ഇവിടെയാണ് നോയ്ഡയിലെ കുട്ടികൾ വരുന്നത്. നൂറു കണക്കിനു കുട്ടികളെ കാണാതായപ്പോളും പോലീസ് ഒരു കേസ് പോലും രജിസ്റ്റർ ചെയ്തിരുന്നില്ല. നഗരങ്ങളിൽ ഇവർ പ്രതിരോധമില്ലാത്തവരും അടുത്തു താമസിക്കുന്ന കാളക്കൂറ്റന്റെ കരുണയ്ക്കു യാചിക്കുന്നവരും ആയിമാറുന്നു. കുട്ടികളുടെ അവയവങ്ങൾ നഷ്ടപ്പെട്ടുവോ? ആർക്കറിയാം? അതാരെയും അത്ഭുതപ്പെടുത്തുന്നില്ല.

മിഡ്നാപ്പൂരിലെ ജനങ്ങൾ അവരുടെ ഭൂമിക്കായി സമരം ചെയ്യുന്നതിലത്ഭുതമില്ല. എല്ലാ ആസൂത്രണ വിദഗ്ധരേക്കാൾ കൂടുതൽ ഈ ആസൂത്രണങ്ങളുടെ പിന്നിലുള്ള സത്യം അവർക്കറിയാം.

ഈ പ്രത്യേക സാമ്പത്തിക മേഖലകൾക്ക് കടലാസുകളിലെങ്കിലും എന്തെങ്കിലും സാമ്പത്തിക ന്യായമുണ്ടോ? ജഗദീഷ് ഭഗവതിയും വ്യവസായ സൗഹൃദ മാഗസിനായ ഇക്കണോമിസ്റ്റ് മാഗസിനും അവക്കെതിരെ രംഗത്തുവരികയുണ്ടായി. രണ്ടുകൂട്ടരും പറഞ്ഞത് ഗവൺമെന്റിന്റെ ഒരുപാട് വരുമാനം നഷ്ടപ്പെടുത്തുമെന്നാണ്. പ്രത്യേക സാമ്പത്തിക മേഖലകൾ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനല്ല, പകരം ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റിന്റെ പണത്തേയും ഭാവിയേയും ശക്തിപ്പെടുത്താനുള്ളതായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കൊൽക്കത്തയിൽ ലൈംഗികത്തൊഴിൽ വളരുന്ന ഒരു വ്യവസായമാണെന്ന് അവർ പറയുന്നു. അത് സാമൂഹ്യ സദാചാരത്തിലുണ്ടാകുന്ന മാറ്റംകൊണ്ടല്ല. കഠിനമായ ദാരിദ്ര്യവും അമിതമായ സമ്പത്തും കൂട്ടിമുട്ടുമ്പോഴെല്ലാം ലൈംഗികത്തൊഴിൽ വളരാറുണ്ട്. 1943 ലെ ക്ഷാമകാലത്തും ഇത് സംഭവിച്ചിരുന്നു.

ഏകാധിപത്യവും ജനാധിപത്യവും തമ്മിലുള്ള വ്യത്യാസം പറയാൻ ഇക്കാലത്ത് വിഷമമായിക്കൊണ്ടിരിക്കുന്നു.

*മധുശ്രീ*

## മൂന്നാമത്തെ കത്ത്
**ജനുവരി 7, 2006**

മിഡ്നാപ്പൂരിലെ ഉൾനാടുകളിലൊന്നായ നന്ദിഗ്രാമിൽ ആയിരക്കണക്കിന് സാമൂഹ്യ പ്രവർത്തകർ കമ്യൂണിസ്റ്റ് കേഡറുകളുമായി പൊരുതുകയാണ്. റിപ്പോർട്ടർമാരെ കടത്തിവിടാത്ത അവിടുന്ന് വളരെക്കുറച്ച് വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

ക്വിറ്റ് ഇന്ത്യാ സമരകാലത്തെപ്പോലെ നന്ദിഗ്രാമിലേക്കുള്ള എല്ലാ അപ്രോച്ച് റോഡുകളും കുഴിക്കപ്പെട്ടിരിക്കുന്നു. പ്രശ്നം ഭൂമി ഏറ്റെടുക്കൽ തന്നെ. ഇവിടത്തെ നിരവധി ഗ്രാമങ്ങളെ ഇന്തോനേഷ്യയിലെ സലിം ഗ്രൂപ്പിന്റെ ഒരു കെമിക്കൽ പ്ലാന്റിനും മറ്റു പ്രോജക്ടുകൾക്കും വേണ്ടി ഏറ്റെടുക്കാൻ രേഖപ്പെടുത്തിയിരിക്കുകയാണ്. ഏകദേശം ഒരുലക്ഷത്തോളം പേർ കുടിയൊഴിക്കപ്പെടാം. പക്ഷേ അവർ പോകാൻ തീരുമാനിച്ചിട്ടില്ല.

സംസ്ഥാന സർക്കാരിനോട് അവരിതിൽ വിജയിക്കാൻ പോകുന്നില്ലെന്ന് ആരെങ്കിലും പറയണം. മിഡ്നാപ്പൂരിലെ ജനങ്ങൾ പണ്ടേ പോരാട്ട സ്വഭാവമുള്ളവരാണ്. ബ്രിട്ടീഷുകാർക്കെതിരായി ഇവിടെ ഒട്ടനവധി പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. സന്യാസി-ഫക്കീർ നേതൃത്വത്തിലുള്ള സമരങ്ങൾ (1770 മുതൽ 1800 വരെ) ചുവാർ പോരാട്ടങ്ങൾ (1800 മുതൽ 1830 വരെയെന്നു തോന്നുന്നു) ശിപ്പായിലഹള (1857 ക്വിറ്റ് ഇന്ത്യാസമരം (1942–44) തുടങ്ങിയവ. ഇതിനിടയിൽ എപ്പോഴോ ഒരു സന്താൾ പോരാട്ടങ്ങൾകൂടി ഉണ്ടായിരുന്നതായി തോന്നുന്നു. ഇത് ബംഗാളിനും ബീഹാറിനും ഒറീസ്സയ്ക്കും ഇടയിലുള്ള കുന്നുകളും സമതലങ്ങളും നിറഞ്ഞ ഒരു അതിർത്തി പ്രദേശമാണ്.

ക്വിറ്റ് ഇന്ത്യാ സമരകാലത്ത് (അത് ബംഗാളിലെ ക്ഷാമകാലത്തായിരുന്നു) ഇവിടുത്തെ നേതാക്കൾ ബ്രിട്ടീഷ് സർക്കാരിനെതിരെ ഒരു സമാന്തര ഗവൺമെന്റ് ഉണ്ടാക്കിയവരാണ്. അവരുടെ കോടതികൾ വളരെ ജനപ്രിയമായിരുന്നു. ഗാന്ധിയുടെ ജയിൽ മോചനത്തിനുശേഷം അദ്ദേഹത്തിന്റെ ആജ്ഞപ്രകാരമാണ് ഈ സമാന്തര ഗവൺമെന്റ് പിരിച്ചുവിട്ടത്. അന്ന് ഒരുപാടുപേർ കരഞ്ഞതായി കേട്ടിട്ടുണ്ട്.

ക്വിറ്റ് ഇന്ത്യാസമരകാലത്തെ നിരവധി നേതാക്കളിലൊരാളായ സുശീൽ ധര (95 വയസ്സ്) ഇപ്പോൾ രോഗശയ്യയിലാണ്. ഇന്നത്തെ പത്രത്തിൽ അദ്ദേഹം മിഡ്നാപ്പൂരിൽ പോയി പുതിയ സ്വാതന്ത്ര്യസമരം കാണാൻ താൽപ്പര്യപ്പെടുന്നതായി വാർത്തയുണ്ട്. മിഡ്നാപ്പൂരിൽ ജനങ്ങൾ ഇപ്പോൾ പോലീസിനെപ്പോലും പ്രവേശിപ്പിക്കാതെ നാടിന് മുക്താഞ്ചൽ (സ്വതന്ത്ര പ്രദേശം) എന്നു പേരിട്ടിരിക്കുകയാണ്.

"വ്യവസായവൽക്കരണത്തിന്" എതിരെയുള്ള എല്ലാ സമരങ്ങളും രാഷ്ട്രീയ പ്രേരിതമാണെന്നാണ് സംസ്ഥാന സർക്കാർ പറയുന്നത്. മിഡ്നാപ്പൂരിൽ എത്രപേർ അറസ്റ്റ് ചെയ്യപ്പെട്ടുവെന്നറിയില്ല. അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഒരാൾ കൊൽക്കത്തയിലെ ജാദവ്പൂർ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയാണ്. മറ്റൊരാൾ ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു. നക്സലുകളോ മാവോയിസ്റ്റുകളോ ആണെന്നാരോപിച്ച് ഇരുവർക്കും ജാമ്യം നൽകുന്നില്ല. എന്തുചെയ്തതിനാണ് അവർ അറസ്റ്റിലായതെന്നോ എന്തിൽ വിശ്വസിക്കുന്നതിനാണ് അറസ്റ്റിലായതെന്നോ മനസ്സിലായിട്ടില്ല. ഒന്നും വ്യക്തമല്ല.

ഇനി സിംഗൂരിനെക്കുറിച്ച് ഒന്നും കേൾക്കാനിടയില്ല. ഇതൊരു വിധിയാണോ? നമുക്കു കാത്തിരുന്നു കാണാം.

*മധുശ്രീ*

## നാലാമത്തെ കത്ത്
**ജനുവരി 7, 2007**

നന്ദിഗ്രാമിലുണ്ടായ കലാപത്തിൽ 7 പേർ മരിച്ചു. ടി.വി. വാർത്ത

ഈ വിഷയങ്ങൾ എന്നോടു വളരെ അടുത്തവയാണെന്ന് ഇന്നു ഞാൻ മനസ്സിലാക്കി. എന്റെ ബംഗാൾ ക്ഷാമത്തെക്കുറിച്ചുള്ള പുസ്തകത്തിനായി ക്ഷാമത്തെപ്പറ്റിയുള്ള ഓർമ്മകൾ സൂക്ഷിക്കുന്ന അതിന്റെ ഇരകളെ ഞാൻ ഒരുപാട് തിരഞ്ഞിരുന്നു. മിഡ്നാപ്പൂരിലെ മൊഹിസാദർ സബ്ഡിവിഷനിൽപ്പെട്ട കലിക്കക്കുണ്ട് ഗ്രാമത്തിൽ ഒടുവിൽ ഞാൻ അവരെ കണ്ടെത്തിയിരുന്നു. ചിറ്റോ സാമന്ത എന്ന ഒരു വയസ്സൻ കർഷകനെ ഞാനിന്നും ഓർക്കുന്നു. ഒരു പാടത്തിനുനടുവിലുള്ള മൺകുടിലിൽ ഭാര്യയും മക്കളും പുത്രഭാര്യമാരും പേരക്കുട്ടികളുമായി എന്നെപ്പോലെ നഗരജീവിതത്തിന്റെ തിരക്കുകളില്ലാതെ സമാധാനപൂർവ്വം ജീവിക്കുകയായിരുന്നു അദ്ദേഹം. സലീം ഗ്രൂപ്പിന്റെ ഏറ്റെടുക്കൽ പദ്ധതിയിൽ കലിക്കാക്കുണ്ടുമുണ്ട്. എനിക്ക് ചിറ്റോബാബുവിനെ വിളിച്ചു കിട്ടിയില്ല. സ്വാതന്ത്ര്യസമര സേനാനിയെന്ന നിലയിൽ അദ്ദേഹത്തിന് ഒരു ചെറിയ പെൻഷനും ഫോൺലൈനും കിട്ടിയിട്ടുണ്ട്. ലൈൻ കട്ടായിരിക്കുന്നു.

80 വയസ്സായെങ്കിലും അദ്ദേഹം ഏതു പുതിയ സമരത്തിന്റേയും മുന്നണിയിലുണ്ടായിരിക്കുമെന്ന് എനിക്കറിയാം. ഞാൻ വാർത്തകൾക്കായി അക്ഷമയോടെ കാത്തിരിക്കുന്നു.

*മധുശ്രീ.*

## അഞ്ചാമത്തെ കത്ത്

**ജനുവരി 8, 2007**

കൊൽക്കത്ത ടി.വി.യിലെ (ഒരു ബംഗാളി ചാനൽ) ഒരു സമർത്ഥനായ റിപ്പോർട്ടർ നന്ദിഗ്രാമിൽ ചെന്ന് കലാപത്തിന്റെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. സംഭവിച്ചത് ഇതാണ്.

മിഡ്നാപ്പൂരിന്റേയും ബംഗാളിന്റേയും മറ്റു ഭാഗങ്ങളുമായി ഒരു കനാൽ കൊണ്ട് വേർതിരിക്കപ്പെട്ട പ്രദേശമാണ് നന്ദിഗ്രാം. കനാലിനൊരൊറ്റ പാലം മാത്രമേയുള്ളു. പാർട്ടി നിർദ്ദേശപ്രകാരം വീടുകൾ വിട്ടുകൊടുത്ത സി.പി.ഐ.(എം) പ്രവർത്തകർ കനാലിന്റെ മറുഭാഗത്തുള്ള ക്യാമ്പുകളിൽ താമസിക്കുകയായിരുന്നു. ഇവർക്ക് അവിടുത്തെ സി.പി.ഐ.(എം) നേതാവും കുപ്രസിദ്ധ ഗുണ്ടയുമായ ലക്ഷ്മൺ സേത്തുവഴി നിരവധി സഹായങ്ങൾ ലഭിച്ചിരുന്നു. പാർട്ടിയുടെ ഭൂമി ഏറ്റെടുക്കൽ ശ്രമങ്ങളുമായി സഹകരിക്കണമെന്നും അല്ലാത്തവരുടെ ജീവിതത്തെ തങ്ങൾ നരകമാക്കുമെന്നും ഒരു സീനിയർ സി.പി.ഐ.(എം) നേതാവ് കർഷകരെ ഓർമ്മിപ്പിച്ചിരുന്നു. ജനുവരി 6 ന് രാത്രി കനാലിന്റെ കിഴക്കേ ഭാഗത്തുള്ള സോനാപുര, തെഹാലി എന്നീ രണ്ടു ഗ്രാമങ്ങൾ പടിഞ്ഞാറുഭാഗത്തുള്ള സി.പി.ഐ.(എം) പിന്തുണക്കാർ തോക്കുകളും ബോംബുകളുമായി ആക്രമിച്ചു. ആക്രമണത്തെ ഗ്രാമീണർ ചെറുത്തുനിന്നു. പക്ഷേ തോക്കോ ബോംബോ അവർക്കുണ്ടായിരുന്നില്ല. കൊൽക്കത്ത ടി.വി. റിപ്പോർട്ടർ പറയുന്നത് പണിയായുധങ്ങളും കറിക്കത്തികളും (സ്ത്രീകളും ചെറുത്തുനിന്നിരുന്നു) മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ എന്നാണ്. 14 വയസ്സുള്ള ആൺകുട്ടിയടക്കം മരിച്ചവരെല്ലാം സോനാപുര ഗ്രാമത്തിലെ കർഷകരാണ്.

ഇന്നത്തെ ദൈനിക് സ്റ്റേറ്റ്മാനിൽ മഹാശ്വേതാദേവി ആക്രമണകാരികൾ 2 തലകൾ മുറിച്ചെടുത്ത് ട്രോഫിയായി കൊണ്ടുപോയിയെന്ന് പറയുന്നുണ്ട്.

സർക്കാരിനെ പിന്തുണക്കുന്ന 'ടെലഗ്രാഫ്' പത്രം വായിക്കുന്നത് കൗതുകം തന്നെയാണ്. ഒന്നാംപേജിൽ രണ്ടുപക്ഷത്തിനും ബോംബുകളും തോക്കുകളുമുണ്ടായിരുന്നെന്ന കഥ അത് അവതരിപ്പിക്കുന്നു. ഒരു ദിവസത്തിനുശേഷം ഗ്രാമീണർ കത്തിച്ച ഒരു സി.പി.ഐ.(എം) പ്രവർത്തകന്റെ വീടുകത്തിച്ച ഫോട്ടോ പ്രസിദ്ധീകരിച്ചപ്പോൾപ്പോലും അതിനു മുൻപു കൊല്ലപ്പെട്ട ആരുടേയും ചിത്രം പ്രസിദ്ധീകരിക്കാൻ പത്രം തയ്യാറായില്ല. സി.പി.ഐ.(എം) ക്യാമ്പിന്റെ സംരക്ഷണത്തിനും കലാപം ഒതുക്കാനും പോലീസിനെ അയച്ചില്ലെന്ന് പത്രം പരാതിപ്പെടുന്നു. മറ്റാരും പോലീസ് പക്ഷപാതികളല്ലെന്ന് വിശ്വസിക്കുന്നില്ല.

ക്വിറ്റ് ഇന്ത്യാസമരകാലത്ത് ബ്രിട്ടീഷ് ജയിലിലടക്കപ്പെട്ട കുമുദിനി ഭാകുവയുമായി ഞാൻ സംസാരിച്ചിരുന്നു. മൊഹിസദാലിനടുത്ത് താമസിക്കുന്ന അവർക്ക് ആ പ്രദേശം മുഴുവൻ നന്നായറിയാം. അവർ പറയുന്നത് നന്ദിഗ്രാമിൽ 11 പേർ കൊല്ലപ്പെട്ടുവെന്നാണ്. ഇപ്പോൾ ആ പ്രദേശത്ത് പോലീസ് വെടിവെപ്പ് നടക്കുകയാണ്. റിപ്പോർട്ടർമാർക്ക് പ്രവേശനമില്ല.

മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയുടെ ആരോപണം ഇസ്ലാമിക ഗ്രൂപ്പുകളാണ് ആക്രമണത്തിനു പിന്നിലെന്നാണ്. ഭൂമി കയ്യേറ്റത്തെ എതിർക്കുന്ന ഒരു സംഘടനയ്ക്ക് ഒരു ഇസ്ലാമിക പേരാണ്. പക്ഷേ നന്ദിഗ്രാമിലെ ഹിന്ദുക്കളും മുസ്ലീങ്ങളും ഭൂമി ഏറ്റെടുക്കലിനെതിരെ ഒറ്റക്കെട്ടാണ്. വർഗ്ഗീയമല്ലാത്ത ഒരു സമരത്തെ വർഗ്ഗീയമാക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്.

*മധുശ്രീ.*

## ആറാമത്തെ കത്ത്

**ജനുവരി 9, 2007**

അപ്പോൾ അവർ നക്സലുകളോ? അതോ ഇസ്ലാമിക മൗലികവാദികളോ?

"ഗ്രാമീണർക്ക് തനിച്ച് റോഡുകൾ കുഴിക്കാനോ പാലങ്ങൾ കത്തിക്കാനോ വാർത്താവിനിമയ സംവിധാനങ്ങൾ തകർക്കാനോ കഴിയില്ലെന്ന്", നക്സൽ സഹായമില്ലാതെ ഇതൊന്നും സാധ്യമല്ലെന്ന് ഒരു സി.പി.ഐ.(എം) മെമ്പർ ലോകസഭയിൽ പറയുകയുണ്ടായി. എനിക്ക് ഓർമ്മവരുന്നത് ക്വിറ്റ് ഇന്ത്യ സമരത്തിനുശേഷം ചർച്ചിൽ പറഞ്ഞതാണ്. ഇന്ത്യൻ ജനതയ്ക്ക് ഒന്നിച്ചുചേർന്ന് ഒരു ശക്തിയാവാൻ കഴിയുമെന്നു വിശ്വസിക്കാൻ കഴിയാത്ത ചർച്ചിൽ ജപ്പാനു

മായിച്ചേർന്നുള്ള കോൺഗ്രസ്സ് ഗൂഢാലോചനയാണ് അതെന്ന് കുറ്റപ്പെടുത്തുകയുണ്ടായി. സ്വാതന്ത്ര്യ സമരസേനാനികളെ ഫാസിസ്റ്റുകളെന്നും അദ്ദേഹം വിശേഷിപ്പിക്കുകയുണ്ടായി.

നന്ദിഗ്രാമിലെ ഗ്രാമീണരെ ഇസ്ലാമിക മൗലികവാദികളെന്നു വിളിച്ചു മുഖ്യമന്ത്രിയുടെ നടപടിയിൽ പാർട്ടിയിൽ ചർച്ച നടക്കുകയാണ്. അദ്ദേഹം പരാമർശിച്ചത് കർഷകരെ സംഘടിപ്പിച്ചിരുന്ന ജമാ അത്ത്-ഉലമ-ഇ-ഹിന്ദ് എന്ന ഒരു പ്രാദേശിക സംഘടനയെയാണ്. 1919 ൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന സ്വാതന്ത്ര്യസമരത്തിൽ ഒരു സുപ്രധാന പങ്ക് വഹിച്ചിരുന്നു. മൗലാനാ അബ്ദുൾകലാം ആസാദ് ഇതിന്റെ സെക്രട്ടറിയായിരുന്നു. ഈ സംഘടന മുഖ്യമന്ത്രിക്കെതിരെ കോടതിയിൽ പോകുമെന്നു കേൾക്കുന്നു. അങ്ങനെയെങ്കിൽ അത് വളരെ രസകരമായിരിക്കും.

മാവോയിസ്റ്റുകളോ ഇസ്ലാമികവാദികളോ...? നന്ദിഗ്രാമിലെ ജനങ്ങൾ ഇതിലേതെങ്കിലും ആയേ പറ്റൂ എന്നുണ്ടോ? എങ്കിൽ പോലീസ് യൂണിഫോമിലുള്ളവരാൽ ആ ഭീകരരാത്രിയിൽ ആക്രമിക്കപ്പെടുമ്പോൾ ഇവർക്ക് ആരുടേയും സഹായം ലഭിക്കാഞ്ഞതെന്താണ്? എങ്ങനെയാണ് പോലീസ് ഉപയോഗിക്കുന്നതരം 303-ാം നമ്പർ ബുള്ളറ്റ് കൊല്ലപ്പെട്ട കർഷകന്റെ ദേഹത്തുനിന്നും കണ്ടെടുത്തത്?

ഈ കത്തുകൾ അയച്ചുതുടങ്ങിയതോടെ കാര്യക്ഷമമായി വിലയിരുത്താതെ ഞാൻ കറുപ്പും വെളുപ്പുമായി മാത്രം കാണുകയാണെന്ന വിമർശനവും ഉയരുന്നുണ്ട്. എനിക്കു വിഷമം തോന്നുന്നു. സമതലങ്ങളിൽനിന്ന് മുകളിലോട്ടുനോക്കാനും മണ്ണിരയുടെ കണ്ണിലൂടെ കഴുകനെ നോക്കാനുമാണ് ഞാൻ ശ്രമിക്കുന്നത്.

എനിക്ക് പക്ഷിയുടെ കാഴ്ചയല്ല, രത്തൻ ടാറ്റയും മുഖ്യമന്ത്രിയുമല്ലാതെ മറ്റാരാണ് അത് ചെയ്യേണ്ടത്? വ്യവസായ സംരംഭത്തെക്കുറിച്ച് വളരെക്കുറച്ചു വിവരങ്ങൾ മാത്രമേ പുറത്തറിയാവൂ. അതിന്റെ രഹസ്യാത്മകതയാവട്ടെ അമ്പരപ്പിക്കുന്നതും.

വളരെ സങ്കീർണമാണെങ്കിൽപ്പോലും സിംഗൂരിനെക്കുറിച്ച് അൽപ്പം സ്ഥിതിവിവര കണക്കുകൾ ഇപ്പോൾ ലഭ്യമാകുന്നുണ്ട്. ഒരു ഏക്കറിന് 30 ലക്ഷം രൂപ ഏറ്റെടുക്കലിന് ചെലവാകുമ്പോൾ ടാറ്റ നൽകുന്നത് 8 ലക്ഷം മാത്രമാണ്. പോലീസിനുള്ള ചെലവും ഗ്രാമീണരെ ഓടിക്കാനുള്ള ആയുധച്ചെലവും കൂടുമ്പോൾ നികുതിദാതാവ് ടാറ്റക്കു നൽകുന്ന സബ്സിഡി എത്രയധികമാണ്? (അതുതന്നെ സർക്കാരിൽനിന്നുള്ള മുൻകൂറായുള്ള പലിശയില്ലാത്ത കടവും. 0.01 ശതമാനമാണ് പലിശനിരക്കെന്നും അറിയുന്നു) പക്ഷികൾ കാണുന്നുണ്ടായിരിക്കാം. നമ്മുടെ കയ്യിൽ സിംഗൂരിന്റേയും നന്ദിഗ്രാമിന്റേയും കോണ്ടേയുടേയും മറ്റേതെങ്കിലുമുണ്ടെങ്കിൽ അതിന്റേയും പ്ലാനുകളുണ്ടെങ്കിൽ നമുക്കും അതു കാണാമായിരിക്കാം. ചെറുതാണെങ്കിൽ




സിംഗൂരിലെ കർഷകരുടെയും തൊഴിലാളികളുടെയും പ്രതിഷേധ പ്രകടനം - ഫോട്ടോ : ഗിൽബർട്ട് സേപ്പ്

ഞാനെന്റെ ഈ കാഴ്ചപ്പാടുകൂടി കുറിക്കട്ടെ.

ആകാശത്തു പറക്കുന്ന പരുന്തുകൾ മിക്കപ്പോഴും ഒരുപാട് ചെറിയ കാഴ്ചകളെ വിട്ടുകളയാറുണ്ട്. മണ്ണിൽക്കിടന്നാൽ മാത്രം കാണാവുന്ന കാഴ്ചകൾ. ഒരു മണ്ണിരയുടെ കഷ്ടപ്പാടുകൾ ഒരിക്കലും ഒരു പരുന്തിനുകാണാനേയാവില്ല.

എത്ര ധാരാളിത്തത്തോടെയാണെങ്കിൽ പോലും പാരമ്പര്യം നഷ്ടപ്പെടുത്തുന്ന സമൂഹങ്ങളെ പിരിക്കുന്ന, സ്വത്വം നഷ്ടപ്പെടുത്തുന്ന, ജോലികളെ മാറ്റുന്ന സുരക്ഷിതത്വം നഷ്ടപ്പെടുന്ന, നിർബന്ധിത കുടിയൊഴിക്കലിനിടയാക്കുന്ന, ഒരു നഷ്ടപരിഹാര പാക്കേജ് എങ്ങനെയാണ് നീതികരിക്കാനാകുക.

ബംഗാളിന് വ്യവസായവൽക്കരണം വേണം. പക്ഷേ ഇത് അധിനിവേശമാണ്.

*മധുശ്രീ.*

## പുസ്തക പരിചയം-പുസ്തകം കൈപ്പറ്റി

**വരൾച്ചയുടെ കാണാപ്പുറങ്ങൾ**

**കേരളത്തിലെ പ്രാദേശിക ജലപ്രശ്നങ്ങളിലൂടെ** (2005 ലെ ജലദിനത്തോടനുബന്ധിച്ച് 'മാതൃഭൂമി'യിൽ പ്രസിദ്ധീകരിച്ചതിൽനിന്നും തെരഞ്ഞെടുത്ത റിപ്പോർട്ടുകൾ), പേജ് 56, വില 25 രൂപ, പ്രസാധനം: ചാലക്കുടി പുഴ സംരക്ഷണസമിതി. C/o. ഫോറം ഫോർ പോളി ഡയലോഗ് ഓൺ വാട്ടർ കോൺഫ്ളിക്സ് ഇൻ ഇന്ത്യ, കാർത്തിക, ഒല്ലൂർ, തൃശൂർ



**ജലം ജീവജലം**
**(ജനകീയ വിജ്ഞാനകോശം)**

പി. എസ്. ഗോപിനാഥൻ നായർ എഡിറ്റർ പ്രൊഫ. എം.കെ. പ്രസാദ്, പേജ് 314 വില 200 രൂപ, പ്രസാധനം കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശൂർ

